പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5596 06/07/2012-ൽ മറുപടിക്ക്

**കോതമംഗലം നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വീടില്ലാത്തവർ**

ചോദ്യം

ശ്രീ. റ്റി.യു.കുരുവിള:

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് വീടില്ലാത്തത്; | (എ) | 2011-ലെ സർവ്വേ പ്രകാരം കോതമംഗലം നിയോജക മണ്ഡലത്തിൽ 227 കുടുംബങ്ങൾ ഭവന രഹിതരാണ്. |
| (ബി) | സ്വന്തമായി വീടില്ലാത്തവർക്ക് സമയബന്ധിതമായി വീട് നിർമ്മിച്ച് നല്ലുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ്/കോർപ്പസ്/പൂൾഡ് ഫണ്ട്/ആദിവാസി പുനരധിവാസ വികസന മിഷന്റെ ഭവന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി എല്ലാ ഭവന രഹിതർക്കും വീട് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ നിയോജകമണ്ഡലത്തിലെ ആദിവാസി ഊരുകളിലും സെറ്റിൽമെന്റ് കോളനികളിലും അടിസ്ഥാന സൗകര്യവും മറ്റും നല്ലുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഊരുകൂട്ടം ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ വകുപ്പിന്റെ ജനറൽ ഫണ്ട്, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി, വീട്, സാനിറ്റേഷൻ സൗകര്യം എന്നിവ ഇല്ലാത്തവർക്ക് അവ അടിയന്തിരമായി നല്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. സാനിറ്റേഷൻ സൗകര്യം ഉൾപ്പെടെയുള്ള വീട് നിർമ്മിക്കുന്നതിനാണ് ധനസഹായം നല്കി വരുന്നത്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കു TRDM മുഖേന ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ